## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 207 26.09.11 ൽ -മറുപടിക്ക്

### <u>ഇലക്ട്രോണിക്ക് ത്രാസ്സും റേഷൻ വ്യാപാരികളുടെ കമ്മീഷനും</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.തിലോത്തമൻ | ശ്രീ.ടി.എം.ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി.) |
| (എ) റേഷൻ കടകളിൽ ഇലക്ട്രോണിക് ത്രാസുകൾ സ്ഥാപിക്കുന്ന നടപടികൾ എവിടെവരെയായി; കേരളത്തിൽ ഏതെല്ലാം ജില്ലകളിൽ പൂർണ്ണമായും ഇലക്ട്രോണിക് ത്രാസുകൾ സ്ഥാപിച്ചിട്ടുണ്ട്; റേഷൻ കടകളിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രോണിക് ത്രാസുകൾ യഥാസമയങ്ങളിൽ പരിശോധന നടത്തുന്നതിനും ഇവ കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) കൊല്ലം ,പത്തനംതിട്ട ജില്ലകളിൽ ഓരോ സ്ഥലത്തും (വൈദ്യുതി ലഭിച്ചിട്ടില്ലാത്ത പ്രദേശം) ആലപ്പുഴ ജില്ലയിൽ 26 സ്ഥലങ്ങളിലും ഇലക്ട്രോണിക് ത്രാസ്സുകൾ സ്ഥാപിക്കുന്ന നടപടി പൂർത്തിയാക്കാനുണ്ട് .ബാക്കി ജില്ലകളിലെ എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് ത്രാസ്സുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവ യഥാവിധി പ്രവർത്തിക്കുന്നുണ്ട് എന്ന് വിവധ തലങ്ങളിലുള്ള പരിശോധനാ വേളകളിൽ ഉറപ്പ് വരുത്തുന്നുണ്ട്. ഇക്കാര്യത്തിൽ പരാതികൾ ഉണ്ടായാൽ അടിയന്തിരമായി പരിഹരിക്കുന്നതിന് എല്ലാ ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) റേഷൻ റീട്ടെയിൽ വ്യാപാരികളുടെ നിലവിൽ ലഭിക്കുന്ന കമ്മീഷൻ എന്നാണ് ഉത്തരവായത്; കമ്മീഷൻ വർദ്ധിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) 01.06.2009 മുതൽ പുതുക്കിയ കമ്മീഷനാണ് ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിന് 23.08.2011 ൽ റേഷൻ വ്യാപാരികളും മന്ത്രിയുമായുള്ള ചർച്ചയിൽ തീരുമാനമായിട്ടുണ്ട്. ഇത് ഉടൻ തന്നെ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ